**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4931 — 27.10.2016-ൽ മറുപടിയ്ക്ക്

## സുനാമിയിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ സുനാമിയിൽ വീട് നഷ്ടപ്പെട്ട 73 കുടുംബങ്ങൾക്ക് 2005 - 2006 വർഷം ഒരു കോടി രൂപ ധനസഹായം പ്രഖ്യാപിച്ചെങ്കിലും ഇവരുടെ പുനരധിവാസത്തിന് ഇതു വരെയും നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടിയ്ക്കെതിരെ ഭൂവുടമസ്ഥർ ബഹു.കേരള ഹൈക്കോടതിയിൽ വ്യവഹാരം ഫയൽചെയ്തതിൽ നിരോധന ഉത്തരവ് ഉള്ളതിനാലാണ് വീടുകൾ നിർമ്മിച്ചുനൽകുന്നതിന് സാധിക്കാതെ വന്നത്. |
| (ബി) ഇവരുടെ പുനരധിവാസം ഉടൻ സാദ്ധ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) ബഹു.കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ